# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *182 05.11.2019-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ ആദായ നികുതി വകുപ്പ് കടന്നുകയറ്റം

ചോദ്യം

ശ്രീ.വി. ജോയി
,, എം. സ്വരാജ്
,, ജോൺ ഫെർണാണ്ടസ്
,, സി.കൃഷ്ണൻ

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ദാരിദ്ര്യ ലഘൂകരണം, ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം തുടങ്ങിയ വികസന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന തരത്തിൽ നിയമവിരുദ്ധമായി ആദായ നികുതി വകുപ്പ് കടന്നുകയറുന്നത് അവസാനിപ്പിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) | കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായും സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനായും നിലനിൽക്കുന്ന സഹകരണ മേഖല ആദായനികുതിവകുപ്പിന്റെ തത്ത്വദീക്ഷ യില്ലാത്ത ഇടപെടലുകൾ മൂലം കടുത്തവെല്ലുവിളി നേരിടുന്നുണ്ട്. സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ആദായനികുതി നിയമത്തിൽ 01.04.2007-ൽ നിലവിൽവന്ന ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ട വിഷയത്തിലും ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതുമൂലം സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധിയും കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി ടി വിഷയം എം.പി. മാരുടെ സമ്മേളനത്തിൽ ശ്രദ്ധയിൽകൊണ്ടു വരുകയും ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും 11.10.2019 ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | 2007-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക | (ബി) | ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ |

| | | | |
|---|---|---|---|
| | വായ്പാ സംഘങ്ങളെയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെയും ആദായ നികുതി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടും ആദായ നികുതി വകുപ്പ് നടത്തുന്ന കടന്നുകയറ്റവും ജില്ലാ ബാങ്കുകളിൽ നിന്ന് പണം പിൻവലിക്കാൻ നികുതി ഈടാക്കുന്ന അന്യായ വ്യവസ്ഥയും കേന്ദ്ര ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിരുന്നോ; | | സംഘങ്ങൾക്കും ആദായനികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961 ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി) (2) ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസനബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെട്ടു. സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ആദായനികുതി വകുപ്പ് കോടതിയിൽ ഉന്നയിച്ച് അവർക്ക് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. നിലവിൽ 80(പി) യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്, പി.സി.എ. ആർ.ഡി.ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ അത് സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തേയും നിക്ഷേപത്തേയും പ്രവർത്തനത്തേയും ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാനുള്ള വ്യവസ്ഥയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി നിയമഭേദഗതിയ്ക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 02.07.2018 ലും 17.08.2019 ലും 11.10.2019 ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | കോർപ്പറേറ്റുകളെ സംരക്ഷിക്കാൻ ലക്ഷക്കണക്കിന് കോടി രൂപ നികുതിയിളവ് നൽകുന്നതിന് താൽപര്യമെടുക്കുന്ന കേന്ദ്രസർക്കാരിനോട് എല്ലാ സഹകരണ സംഘങ്ങളെയും ആദായ നികുതിയിൽ നിന്നൊഴിവാക്കാൻ ആവശ്യപ്പെട്ടുമോ; | (സി) | ആദായനികുതി നിയമം ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നാൽ സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്ന താകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് മേൽ വ്യക്തമാക്കിയ പ്രകാരം |

| | | | |
|---|---|---|---|
| | | | കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രതിസന്ധികൾക്കിടയിലും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | ഇത്തരം പ്രതിസന്ധികൾക്കിടയിലും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സർക്കാർ താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു:-<br>1. ബ്ലേഡ് പലിശക്കാർ എന്ന മഹാ വിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിൽ ഉള്ളവർ, കൂലി വേലക്കാർ ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നു.<br>2. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ സഹായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം നൽകാനുള്ള പട്ടികയിൽ ഉൾപ്പെട്ട ക്ഷീര കർഷകർ, പൗൾട്രി കർഷകർ, 2018 ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചവർ എന്ന് കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ തേനീച്ച കർഷകർ, മൃഗസംരക്ഷണ വകുപ്പ് സാക്ഷ്യപ്പെടുത്തിയ അലങ്കാര പക്ഷി കർഷകർ, വ്യവസായ വകുപ്പ് കണ്ടെത്തിയ സൂക്ഷ്മ, ചെറുകിട, |

| | | | |
|---|---|---|---|
| | | | ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്കും കടകൾക്കും ആയിരിക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹത. ദുരന്ത ബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന Term Loan-ന്റെയും പ്രവർത്തന മൂലധനത്തിന്റെയോ (Working Capital) മാർജിൻ മണിയായി പരമാവധി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാർ നേരിട്ട് ബാങ്കുകൾക്ക് നൽകുന്നതുമാണ്. ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് 10 ലക്ഷം രൂപ വരെയ്ക്കും മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% താങ്ങു പലിശ (Interest Subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br><br>3. കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിച്ചു. കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള ബാങ്ക് നിലവിൽ വരുന്നതോടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പ രംഗത്ത് സമൂല മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇടത്തട്ടിലുള്ള ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്ക് ആയി മാറുന്നതോടെ 1% പലിശ നിരക്കിൽ കുറവ് വരുത്തി കർഷകർക്ക് വായ്പ കൊടുക്കാൻ കഴിയും. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഉൾപ്പെടെ ബാങ്കിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തുവാൻ സാധിക്കും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനും കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള ബാങ്കിന് സാധിക്കുമെന്ന് |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നു.<br>4. സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുകയോ മാരക രോഗം പിടിപെടുകയോ ചെയ്ത് വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാത്ത വായ്പക്കാർക്ക് ആശ്വാസമേകി റിസ്ക് ഫണ്ട് പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>5. മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽപെട്ട് അംഗ വൈകല്യം സംഭവിച്ചവർ/ ശയ്യാ വലംബരായവർ, അപകടത്തിൽ പെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/ മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട കുട്ടികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി സഹകരണ നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരം അംഗസമാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.<br>6. അംഗങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും വായ്പാ സംഘങ്ങളുടെ നിക്ഷേപ തോത് വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനുമായി നിക്ഷേപ സമാഹരണ യജ്ഞം വർഷാവർഷം നടത്തി വരുന്നു.<br>7. സഹകരണ മേഖലയിലേയ്ക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിലേയ്ക്കുമായി നിക്ഷേപ സുരക്ഷാ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>8. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ആശ്വാസം നൽകുന്നതിനുമായി ഈ സർക്കാരിന്റെ കാലത്ത് 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കി വായ്പക്കാരന്റെ |

നിലവിലെ സാഹചര്യങ്ങൾ, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി തിരിച്ചടവ് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയാകുകയും വേണം. ഈ ധാരണ പ്രകാരം വായ്പ തിരിച്ചടവിന് വായ്പക്കാരന് അവസരം നൽകുന്നതാണ് എന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്. ഈ പദ്ധതി പ്രകാരം എല്ലാ വായ്പ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതും പലിശ കണക്കാക്കുന്നത് സാധാരണ പലിശയുമാണ്.

9. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും, സ്വത്തുക്കളും, ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala) കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രാധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2152 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. സംസ്ഥാനസഹകരണസംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

10. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ പാലക്കാട് ജില്ലയിൽ സഹകരണ മേഖലയിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് അതിനു കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഒരു ആധുനിക റൈസ് മില്ല്

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ സഹകരണ വകുപ്പും ജില്ലയിലെ സഹകാരികളും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 ഡിസംബർ 29 ന് "പാലക്കാട് , പാഡി പ്രൊക്യുയർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS)" എന്ന പേരിൽ ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായ സഹകരണ സംഘം രൂപീകരിച്ചു.<br>11. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 39151.46294 ലക്ഷം രൂപയും എൻ സി ഡി സി പദ്ധതിയിൽ 12396.35755 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51547.82049 ലക്ഷം രൂപ സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിരുന്നു. 2019-20 സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന പദ്ധതിയിൽ 5057.71392 ലക്ഷം രൂപയും എൻ സി ഡി സി പദ്ധതിയിൽ 3492.70174 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8550.41566 ലക്ഷം രൂപ സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**